**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.146/PR/PIC/PHQ/18 Date : 09.06.2018

**പൊതുസ്ഥലങ്ങളിൽ പോലീസിന്റെ ദൃശ്യത വർദ്ധിപ്പിക്കാൻ നിർദ്ദേശം**

കുറ്റകൃത്യങ്ങൾ തടയുന്നതിനും പൊതുജനങ്ങളിൽ സുരക്ഷിതത്വബോധം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പൊതുസ്ഥലങ്ങളിൽ പോലീസിന്റെ ദൃശ്യത വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ നിർദ്ദേശം നല്കി. ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ എക്സിക്യൂട്ടീവ് ഡയറക്ടീവ് സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിപ്പിച്ചു. കാൽ നടയായുള്ള പട്രോളിങ്, മോട്ടോർ സൈക്കിൾ പട്രോളിങ്, ജീപ്പ് പട്രോളിങ് തുടങ്ങിയവ കൂടുതൽ ഫലപ്രദമാക്കണം.

ജനങ്ങൾ ധാരാളം, ഒത്തുകൂടുന്ന സ്ഥലങ്ങളിൽ കൂടുതലായും പകൽ സമയങ്ങളിൽ രണ്ടംഗങ്ങളുള്ള ടീമുകളെ ഉപയോഗിച്ച് ഫുട് പട്രോളിങ് നടത്തണം. പട്ടണ പ്രദേശങ്ങളിൽ രാത്രികാല ഫുട് പട്രോളിങ് മറ്റ് പട്രോളിങ്ങിനൊപ്പമാവണം നടത്തേണ്ടത്. ചെറിയ യോഗങ്ങൾ, ജാഥകൾ, ഉത്സവങ്ങൾ എന്നിവിടങ്ങളിലും, ജനങ്ങൾ കൂടുന്ന കേന്ദ്രങ്ങളിലും, വിദ്യാലയങ്ങൾ, ജംഗ്ഷനുകൾ ക്രമസമാധാനപാലനത്തിനും പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാക്കുന്ന കേസുകൾ കണ്ടെത്തുന്നതിനും പകൽ സമയത്ത് രണ്ട് ഉദ്യോഗസ്ഥരടങ്ങുന്ന മോട്ടോർ സൈക്കിൾ പട്രോൾ ഉപയോഗപ്പെടുത്തണം. ഗ്രാമീണ മേഖലകളിൽ മറ്റ് പട്രോളിങ്ങിനൊപ്പം പട്ടണപ്രദേശങ്ങളിലും രാത്രികാല മോട്ടോർ സൈക്കിൾ പട്രോളിങ് നടത്താം.

ഗൗരവ സ്വഭാവമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതുൾപ്പെടെ പകലും രാത്രിയും ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഒരുപോലെ ഉപയോഗപ്പെടുത്താവുന്ന ജീപ്പ് പട്രോളിങ്ങും കൂടുതൽ കാര്യക്ഷമമാക്കണം. ഈ പട്രോൾ സംഘങ്ങൾ ഓരോ പ്രദേശത്തേയും സവിശേഷതകൾ മനസ്സിലാക്കുകയും, സാമൂഹ്യ വിരുദ്ധർ, സ്ഥിരം കുറ്റവാളികൾ തുടങ്ങിയവരുടെ ലിസ്റ്റ് കരുതുകയും വേണം. പ്രശ്നബാധിതമാകാനിടയുള്ള സ്ഥലങ്ങളെക്കുറിച്ച് ധാരണയുണ്ടാകണം. പരമാവധി എട്ട് മണിക്കൂറാണ് ഒരു ഡ്രൈവർ ഒരു ഓഫീസർ, രണ്ട് സിവിൽ പോലീസ് ഓഫീസർമാർ എന്നിവരടങ്ങുന്ന ജീപ്പ് പട്രോൾ സംഘത്തിന്റെ ഡ്യൂട്ടി സമയം. കൂടുതൽ സമയം വേണ്ടതുണ്ടെങ്കിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ക്രമീകരിക്കണം.

ഗതാഗത നിയന്ത്രണം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മുന്നിലുള്ള സുരക്ഷ എന്നിവയ്ക്കും മതിയായ പോലീസ് സംഘത്തെ നിയോഗിക്കണം. നഗര പ്രദേശങ്ങളിൽ വേണ്ടത്ര

അംഗബലമുള്ള  മൊബൈൽ പട്രോളിങ്, ബൈക്ക് പട്രോൾ എന്നിവയെ ടേൺ അടിസ്ഥാനത്തിൽ നിയോഗിക്കണം. ട്രാഫിക്ക് പോലീസ് സ്റ്റേഷനുകൾ, കൺട്രോൾ റൂമുകൾ, ഏ.ആർ. ക്യാമ്പുകൾ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ഇതിനാവശ്യമായ അധിക പോലീസിനെ നിയോഗിക്കണം. ഹൈവേ പട്രോൾ, കൺട്രോൾ റൂം വാഹനങ്ങൾ, പിങ്ക് പട്രോൾ വാഹനങ്ങൾ എന്നിവയ്ക്ക് പുറമേയാണ് മുൻ സൂചിപ്പിച്ച പട്രോൾ സംഘങ്ങളും പ്രവർത്തിക്കേണ്ടത്. ഇവയൊക്കെ ഏകോപിപ്പിച്ചുള്ള ഒരു പ്രവർത്തന പദ്ധതി മേലുദ്യോഗസ്ഥർ തയ്യാറാക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

പട്രോളിങ് വേളകളിൽ പൊതുജനങ്ങളോടുള്ള പെരുമാറ്റം പോലീസിനെപ്പറ്റി മതിപ്പ് വർദ്ധിപ്പിക്കുന്ന തരത്തിലുള്ളതാകണമെന്നും നിർദ്ദേശമുണ്ട്. ഡിവൈ.എസ്.പി., ജില്ലാ പോലീസ് മേധാവി തലങ്ങളിൽ ഈ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

*************